CYAN MAGENTA YELLOW BLACK

പേജ് 20 വില 7.00

# പ്രതിച്ഛായ

www.pratichaya.com

●വാല്യം 2 ●ലക്കം 43 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ● 15 ജൂലൈ 2009

## കേരള വിദ്യാർത്ഥി കോൺഗ്രസ്

# വിദ്യാഭ്യാസരംഗത്തു മുമ്പേപറന്ന പക്ഷി

**വി**ദ്യാർത്ഥി രാഷ്ട്രീയം എന്നു കേട്ടാൽ സമരം, ഘെരാവോ, കല്ലേറിയൽ, ബസ്സു തടയൽ, വാഹനങ്ങൾ കത്തിക്കൽ തുടങ്ങിയ വിധ്വംസക പ്രവർത്തനങ്ങളാണു പലരുടെയും മനസ്സിൽ തെളിയുക. നമ്മുടെ വിദ്യാർത്ഥിസംഘടനകളുടെ പ്രവർത്തനശൈലി ഏതാണ്ടിങ്ങനെയൊക്കെത്തന്നെയാണു താനും. അങ്ങനെയല്ലാത്തവരോടൊപ്പം നില്ക്കാൻ കുട്ടികളെ കിട്ടുക വിഷമമാണെന്നും പറയാം.



സ്റ്റീഫൻ ജോർജ്

ജനാധിപത്യപ്രക്രിയയിൽ പരിശീലനം നേടുകയും രാഷ്ട്രനിർമാണ പ്രക്രിയയിൽ ക്രിയാത്മകമായ പങ്കു വഹിക്കുകയുമാണു വിദ്യാർത്ഥി സംഘടനകളുടെ ലക്ഷ്യവും കർമപരിപാടിയും. ഒപ്പം, പാഠ്യേതരവും പാഠ്യാനുബന്ധവുമായ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കാൻ സഹായകമായ ഒരു കൂട്ടായ്മയായി പ്രവർത്തിക്കുക എന്നതും പ്രധാനമാണ്.

പക്ഷേ, രഷ്ട്രീയമായ ചേരിതിരിവുകളിൽ കുടുങ്ങിപ്പോകുന്ന സംഘടനാ നേതൃത്വം പലപ്പോഴും അണികളെ വൈജ്ഞാനിക വിരുദ്ധമായ വഴികളിൽ നയിക്കുന്നതുകൊണ്ടാണ് വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ പൊതുജീവിതത്തിനു പലപ്പോഴും ഭീഷണിയായിത്തീരുന്നത്. വിദ്യാഭ്യാസരംഗത്തുണ്ടാവേണ്ട കാലോചിതമായ മാറ്റങ്ങൾക്കുവേണ്ടി വാദിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ട വിദ്യാർത്ഥിസംഘടനകൾ സങ്കുചിത രാഷ്ട്രീയതാത്പര്യങ്ങൾക്കു വിധേയരായി അത്തരം പരിവർത്തനങ്ങൾക്കെതിരെ പ്രക്ഷോഭം നയിക്കുന്നതും നമുക്കു കാണേണ്ടി വന്നിട്ടുണ്ട്.

1986ൽ രാജീവ്ഗാന്ധി ദേശീയ




വിദ്യാഭ്യാസ നയം രൂപപ്പെടുത്തിയപ്പോൾ അതിനെതിരെ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകൾ പ്രക്ഷോഭം നയിച്ചു സ്വന്തം ഉൾക്കാഴ്ചയില്ലായ്മ വെളിപ്പെടുത്തുകയുണ്ടായി. നവോദയ വിദ്യാലയങ്ങൾ എന്ന പദ്ധതിക്കെതിരെയും ഇതേ സമീപനമാണവർ പുലർത്തിയത്. കേരളത്തിൽ 1986ൽ പ്രീഡിഗ്രി ബോർഡിനു രൂപംനല്കി, പ്രീഡിഗ്രി വിദ്യാഭ്യാസത്തെ സർവകലാശാലാ വിദ്യാഭ്യാസത്തിൽ നിന്നു വിടുതൽ ചെയ്യാൻ നടത്തിയ ശ്രമത്തെ പരാജയപ്പെടുത്തിയതും വിദ്യാർത്ഥിസംഘടനാ ചരിത്രത്തിലെ കളങ്കമാണ്. സ്വാശ്രയ വിദ്യാഭ്യാസം എന്ന ആശയത്തിനെതിരെ മാത്രമല്ല, 2001-2006 കാലഘട്ടത്തിലെ യുഡിഎഫ് ഗവൺമെണ്ട് അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെയും സംഘർഷഭരിതമായ പ്രക്ഷോഭങ്ങളാണ് ഇടതുസംഘടനകൾ അഴിച്ചുവിട്ടത്.

ഇവിടെ ദുഃഖകരമായ ഒരു വസ്തുതയുണ്ട്. യുഡിഎഫ് ഗവൺമെണ്ടു കൊണ്ടുവന്നു എന്ന രാഷ്ട്രീയകാരണം കൊണ്ടു മാത്രമാണ് ഇടതുവിദ്യാർത്ഥി സംഘടനകൾ പല പരിഷ്ക്കാരങ്ങളെയും എതിർക്കാറുള്ളത്.



പ്രീഡിഗ്രി ബോർഡ്, പ്ലസ്ടു എന്ന പേരിൽ ഇവിടെ നടപ്പായപ്പോൾ ഇടതുവിദ്യാർത്ഥിസംഘടനകൾ മൗനം പാലിച്ചു. ഇടതുഭരണം വന്നപ്പോൾ സ്വാശ്രയവിരോധം കാറ്റിൽ പറന്നു. നവോദയാ വിദ്യാലയങ്ങളിൽ എങ്ങനെ ഒരു അഡ്മിഷൻ തരപ്പെടുത്താമെന്നേ ഇന്ന് ഇടതുപക്ഷക്കാർ ആകുലപ്പെടാറുള്ളു. സ്വാശ്രയസ്ഥാപനങ്ങളോടു വിരോധമാണെങ്കിലും അവിടെ സീറ്റു ലഭിക്കുന്നതു സന്തോഷകരം തന്നെ. ആവശ്യം വരുമ്പോൾ സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കെത്താൻ അണികൾക്കും നേതാക്കൾക്കും യാതൊരു മടിയുമില്ല!



ജെയിംസ് തെക്കനാടൻ

ഇതിൽ നിന്നൊക്കെ വ്യത്യസ്തമായി കാലോചിതമായ പല മാറ്റങ്ങളെയും മുൻകൂട്ടി കാണുകയും അവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോടാവശ്യപ്പെടുകയും ചെയ്യാറുള്ള ചില വിദ്യാർത്ഥിസംഘടനകളും നമുക്കുണ്ട്. അതിലൊന്നാണു കേരളാ കോൺഗ്രസിന്റെ വിദ്യാർത്ഥി വിഭാഗമായ കേരള വിദ്യാർത്ഥി കോൺഗ്രസ് എന്ന കെ. എസ്.സി.

ഇന്നു കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ നടപ്പിലായിക്കൊണ്ടിരിക്കുന്ന പല പരിഷ്ക്കാരങ്ങളും പ്രായോഗികമാക്കേണ്ടതാണെന്നു വർഷങ്ങൾക്കു മുമ്പേ കെ.എസ്.സി ചൂണ്ടിക്കാണിച്ചിരുന്നു. സ്റ്റീഫൻ ജോർജ് പ്രസിഡണ്ടായിരിക്കെ 1994ൽ തയ്യാറാക്കി സർക്കാരിനു സമർപ്പിച്ച 'വിദ്യാഭ്യാസ പരിഷ്ക്കരണം ഒരു സമീപനരേഖ', ജെയിംസ് തെക്കനാടൻ പ്രസിഡണ്ടായിരിക്കെ 2005ൽ തയ്യാറാക്കി സംസ്ഥാന, കേന്ദ്ര ഗവൺമെണ്ടുകൾക്കു സമർപ്പിച്ച 'വിദ്യാഭ്യാസ പരിഷ്ക്കരണ നയരേഖ' എന്നീ മാനിഫെസ്റ്റോകൾ പരിശോധിച്ചാൽ ഈ വസ്തുത വ്യക്തമാകും.



വിദ്യാഭ്യാസ പരിഷ്കരണം നയരേഖ ജയിംസ് തെക്കനാടൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിനു സമർപ്പിക്കുന്നു. ജോസ് കെ. മാണി, തോമസ് കുതിരവട്ടം എന്നിവർ സമീപം. *(ഫയൽ ചിത്രം)*

>> 2

*അനുസ്മരണം*



സി.കേശവൻ (1891 – 1969) 14

*മുഖപ്രസംഗം*
കേരള സർവകലാശാല പണിയുന്നത് പണപ്പെട്ടിയോ ശവപ്പെട്ടിയോ? 2

*അവലോകനം*
പ്രവാസികളുടെ അഗ്നിപരീക്ഷണങ്ങൾ
ബോബി കെ. മാത്യു 4

*കാഴ്ചവട്ടം*
ഈ അച്ഛൻ നിങ്ങളുടേതല്ല! 5
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

*മനസ്സറിയുക ശരീരവും*
കൗമാരം വൈരുധ്യങ്ങളുടെ ജീവിതഘട്ടം
ഡോ. (സി.) ഷാലു കോയിക്കര 6

*ചുവരെഴുത്തുകൾ*
പിതാക്കന്മാരുടെ ത്യാഗവും പുത്രന്മാരുടെ യോഗവും
ശ്വേതകേതു 7

*ഫ്ളാഷ്ബാക്ക്*
ആ ഛായാചിത്രത്തിനു മുന്നിൽ ഒരിറ്റു കണ്ണീർ
തേക്കിൻകാട് ജോസഫ് 8

*ഇതാണുനിയമം*
റാഗിംഗ് നിരോധന നിയമം – 1998
അഡ്വ. ചാർളി പോൾ 9

*പുനരാഖ്യാനം*
മഹാഭാരതം
സവ്യസാചി 15

*ജർമൻ ഡയറി*
ജർമനിയെ തകർത്ത ഹിറ്റ്ലറുടെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ 17
ജോർജ് കുറ്റിക്കാട്ട്

*ന്യൂസ് ഡയറി*
പി. ആർ. 19

*വിദേശകാഴ്ച*
ഹോണ്ടുറാസ് സമ്പത്തിനെ ഉള്ളിലൊളിപ്പിച്ച ദരിദ്രഭൂമി
പ്രിൻസ് രാജ് 20

മറ്റു പംക്തികളും

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക
വാല്യം 2 ലക്കം 43
15 ജൂലൈ 2009
പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*ആപത്തുകളിൽ പെടാതിരിക്കുന്നതല്ല മഹത്വം.*
*ആപത്തുകളെ വിവേകത്തോടെ തരണം ചെയ്യുന്നതാണ്.*
*- എസ്. വിൻഗ്ളർ*

# കേരള സർവകലാശാല പണിയുന്നതു പണപ്പെട്ടിയോ ശവപ്പെട്ടിയോ?

ഒരു സർവകലാശാല ഇത്രയ്ക്കധഃപതിക്കാമോ? കേരളീയർ ഒന്നടങ്കം ചോദിച്ചുപോകുന്നു. ആറു പതിറ്റാണ്ടിന്റെ അഭിമാനകരമായ പാരമ്പര്യം അവകാശപ്പെടാവുന്ന കേരള സർവകലാശാലയോടാണു ചോദ്യം. സർവകലാശാല നടത്തിയ അസിസ്റ്റന്റു ഗ്രേഡു പരീക്ഷയും അതിനെത്തുടർന്നുള്ള നടപടികളും അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും രാഷ്ട്രീയനെറിവുകേടിന്റെയും ദുർഗന്ധം പരത്തുന്നു എന്ന ദുഃഖകരമായ അറിവിൽ നിന്നാണു ചോദ്യം ഉയരുന്നത്.

എഴുത്തുപരീക്ഷയും അഭിമുഖപരീക്ഷയും കഴിഞ്ഞു നിയമനം കിട്ടിയവരുടെ പേരുവിവരം പുറത്തായപ്പോൾ സാക്ഷരകേരളം അക്ഷരാർത്ഥത്തിൽ ഞെട്ടി. വിജ്ഞാനവിതരണത്തിന്റെ കുത്തക അവകാശപ്പെടുന്ന ഒരു സർവകലാശാലയിലോ ഇത്ര ലജ്ജാകരമായ നിയമനനാടകം അരങ്ങേറിയത് എന്നോർത്തു ജനങ്ങൾ മൂക്കത്തു വിരലുവച്ചു.

അന്ധമായ രാഷ്ട്രീയാവേശവും അവിവേകവും ഒന്നുചേരുമ്പോളാണ് ഇത്തരം അതിക്രമങ്ങൾ രൂപം കൊള്ളുന്നത്. നിയമനനടപടികൾ പരിശോധിച്ച ലോകായുക്ത കാര്യങ്ങൾ അതീവഗുരുതരമാണെന്നു കണ്ടെത്തി. ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസുകൾ ഹാജരാക്കാൻ ലോകായുക്ത ഉത്തരവിട്ടെങ്കിലും അതു കണ്ടെത്താനാവാതെ സർവകലാശാലാധികൃതർ കുഴഞ്ഞു. ഒന്നോ രണ്ടോ പേപ്പറല്ല നാല്പതിനായിരത്തിലധികം പേരുടെ ഉത്തരക്കടലാസുകളാണ് അപ്രത്യക്ഷമായത്! ഉദ്യോഗസ്ഥർ പരസ്പരം പഴിചാരി. രജിസ്ട്രാറും സിൻഡിക്കേറ്റംഗങ്ങളും ഉത്തരക്കടലാസുകൾ അന്വേഷിച്ചു സർവകലാശാലയുടെ ചെലവിൽ ഉല്ലാസയാത്രകൾ നടത്തി. ഭദ്രമായി ഒളിച്ചുവയ്ക്കുകയോ നശിപ്പിച്ചു കളയുകയോ ചെയ്ത പേപ്പറുകൾ കണ്ടെത്തുക എളുപ്പമല്ലല്ലൊ. അങ്ങനെ കേരളീയരുടെ സാമാന്യബുദ്ധിയെപ്പോലും പരിഹസിച്ചുകൊണ്ടു സർവകലാശാലാ അധികൃതർ കോടതിയെ അറിയിച്ചു: ഉത്തരക്കടലാസുകൾ കണ്ടെത്താൻ കഴിയുന്നില്ല!

മണ്ണിൽ മറഞ്ഞു കളിക്കുന്ന കുഴിയാനയെ കണ്ടെത്തുക എളുപ്പമല്ലായിരിക്കാം. പക്ഷേ, തുടലുപൊട്ടിച്ചോടിയ കൊമ്പനെ കണ്ടുപിടിക്കുക ബുദ്ധിമുട്ടാണെന്നു പറഞ്ഞാലോ? "അങ്ങേക്ക് ആനയെ കാണാനും വെള്ളെഴുത്തോ" എന്നു മഹാകവി ഉള്ളൂർ പരിഹസിച്ചത് ഇത്തരക്കാരെയല്ലാതെ മറ്റാരെയാണ്?

മാർക്സിസ്റ്റു പാർട്ടിക്കു മൃഗീയഭൂരിപക്ഷമുള്ള സ്ഥാപനമാണു കേരള സർവകലാശാല. അധ്യാപകസംഘടന, അനധ്യാപകസംഘടന, സർവകലാശാലാ ജീവനക്കാരുടെ സംഘടനകൾ, സിൻഡിക്കേറ്റ്, സെനറ്റ് ഇവയിലെല്ലാം അവരുടെ സർവാധിപത്യമാണ്. സ്ഥിതിസമത്വത്തിന്റെയും സാമൂഹികനീതിയുടെയും മോഹനവാഗ്ദാനങ്ങൾ നല്കി കലാപങ്ങൾ നടത്തുകയും രക്തസാക്ഷികളെ സൃഷ്ടിക്കുകയും ചെയ്ത കമ്യൂണിസ്റ്റു പ്രസ്ഥാനത്തിന് ഇത്ര ഭയജനകമായ വിധം ജനങ്ങളെ വഞ്ചിക്കാൻ എങ്ങനെയാണു കഴിയുക?

കോഴിക്കോടു സർവകലാശാലയിൽ തങ്ങൾക്കു മേധാവിത്വമില്ലാത്ത സിൻഡിക്കേറ്റു നിയമിച്ച കുറെ അധ്യാപകരെ പിരിച്ചുവിട്ടു സ്വന്തം പാർശ്വവർത്തികളെ പ്രതിഷ്ഠിക്കാൻ അവിടത്തെ ഇടതുസിൻഡിക്കേറ്റു പെടാപ്പാടുപെടുകയാണ്. മഹാത്മാഗാന്ധി സർവകലാശാലയിൽ അത്തരത്തിൽ കുറെ അധ്യാപകരുടെ നിയമനം തടഞ്ഞുവച്ച സിൻഡിക്കേറ്റു നടപടി ചാൻസലറായ ഗവർണറുടെ ഇടപെടൽ മൂലമാണു പരാജയപ്പെട്ടത്. നെറികേടു കാണിക്കാൻ തങ്ങൾക്കു യാതൊരു മടിയുമില്ലെന്നു പ്രഖ്യാപിക്കുന്ന ഇത്തരം നീക്കങ്ങളിലൂടെ മാർക്സിസ്റ്റു പാർട്ടി നേടുകയല്ല നഷ്ടപ്പെടുത്തുകയാണ് എന്ന ഞെട്ടിക്കുന്ന സത്യം ഇനിയെന്നാണാവോ അവർ തിരിച്ചറിയുക?

**182 സെക്കൻഡ് ഗ്രേഡ് അസിസ്റ്റന്റുമാരെ നിയമിച്ചതിൽ അഞ്ചോ ആറോ പേരൊഴിച്ചു ബാക്കി മുഴുവനും മാർക്സിസ്റ്റു നേതാക്കളുടെ 'വെള്ളം കോരികളും വിറകുവെട്ടുകാരും അരിവയ്പുകാരും കുടികിടപ്പുകാരു' മാണെന്നറിഞ്ഞ കേരള ജനത അനുഭവിച്ച ഞെട്ടലിന്റെ പ്രതിഫലനം കൂടിയാണ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പു ഫലത്തിൽ കണ്ടത്.**

കേരളത്തിലെ കമ്യൂണിസ്റ്റു പാർട്ടിക്കു ശവപ്പെട്ടി പണിയുന്ന ദൗത്യം കേരള സർവകലാശാലാധികൃതർ എറ്റെടുത്തിരിക്കുകയാണെന്നു തോന്നുന്നു. അതല്ല, പണപ്പെട്ടിയാണെന്നായിരിക്കും അവരുടെ വാദം!

ലോകായുക്ത നിയമനം റദ്ദാക്കുകയും വൈസ്ചാൻസലർ, പ്രോ വൈസ് ചാൻസലർ, രജിസ്ട്രാർ, ഇന്റർവ്യൂ ബോർഡിലെ സിൻഡിക്കേറ്റു പ്രതിനിധികൾ എന്നിവർ കുറ്റക്കാരാണെന്നു വിധിയെഴുതുകയും ചെയ്തു. പക്ഷേ, ഒരാളെപ്പോലും പിരിച്ചുവിടുകയോ ഒരാളെങ്കിലും നിയമത്തിനു വിധേയമാവാൻ തയ്യാറാവുകയോ ചെയ്യാതെ സർവകലാശാലയുടെ ചെലവിൽ ലോകായുക്താ വിധിക്കെതിരെ നിയമപരമായി നീങ്ങാൻ തുനിയുകയാണവർ ചെയ്തത്.

ഇപ്പോളിതാ ഹൈക്കോടതിയുടെ പ്രാഥമിക വിധി വന്നിരിക്കുന്നു. ലോകായുക്തയുടെ നടപടി സ്റ്റേ ചെയ്തെങ്കിലും റിട്ടയർ ചെയ്ത ഒരു ജില്ലാ ജഡ്ജി പുനരന്വേഷണം നടത്തണമെന്നും ആ അന്വേഷണറിപ്പോർട്ടിന്റെ വെളിച്ചത്തിൽ ലോകായുക്ത വീണ്ടും നടപടിയെടുക്കണമെന്നുമാണു ഹൈക്കോടതി നിർദേശിച്ചിരിക്കുന്നത്. നിയമനം ലഭിച്ചവരുടെ പ്രൊബേഷൻ, പ്രമോഷൻ എന്നിവ തടയുകയും ചെയ്തിട്ടുണ്ട്. ശിക്ഷാവിധിക്കു വിധേയരായവർക്കു പറയാനുള്ളതു മുഴുവൻ കേൾക്കാൻ ലോകായുക്ത അവസരം നല്കിയില്ല എന്ന പഴുതുപയോഗിച്ചാണു ഹൈക്കോടതിയുടെ ഇടപെടൽ.

സ്വാശ്രയമേഖലയിൽ നീതി ഉറപ്പാക്കാനും മാനേജർമാരെ മര്യാദ പഠിപ്പിക്കാനും വല്ലാതെ കഷ്ടപ്പെടുന്ന നമ്മുടെ വിദ്യാഭ്യാസമന്ത്രി സ്വന്തം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർവകലാശാലയിൽ നടക്കുന്ന ഈ പകൽകൊള്ളയുടെ കാര്യമൊന്നും അറിഞ്ഞ മട്ടേയില്ല. സ്വാശ്രയവിഷയത്തിൽ അദ്ദേഹത്തിന്റെ ഏറ്റവും പുതിയ പ്രസ്താവന കണ്ണടച്ചിരുട്ടാക്കരുതെന്നാണ്. കണ്ണടച്ചാൽ ഇരുട്ടാവില്ലെന്നു മന്ത്രിയെക്കൂടി ബോധ്യപ്പെടുത്തുന്നതാണ് അസിസ്റ്റന്റു നിയമനം സംബന്ധിച്ച ഹൈക്കോടതി വിധി.

കേരളം കണ്ട ഏറ്റവും വലിയ നിയമന അഴിമതിയുടെ വേരുകൾ ചികയുന്ന ഹൈക്കോടതി ഇടപെടലിലൂടെ സത്യം പുറത്തുവരും എന്നു നമുക്കു പ്രതീക്ഷിക്കാം. നീതി ജലം പോലെ ഒഴുകട്ടെ.

1 >>

## കേരള വിദ്യാർത്ഥി കോൺഗ്രസ്
# വിദ്യാഭ്യാസരംഗത്തു മുമ്പേ പറന്ന പക്ഷി

### വിദ്യാഭ്യാസ പരിഷ്കരണം സമീപനരേഖ

സ്റ്റീഫൻ ജോർജ് തയ്യാറാക്കിയ സമീപനരേഖയിൽ എസ്.എസ്.എൽ.സി. പരീക്ഷാ പരിഷ്കരണത്തെപ്പറ്റി നല്കുന്ന ശുപാർശ : "റാങ്കിനു വേണ്ടിയുള്ള അനാരോഗ്യകരമായ മത്സരം കുട്ടികളിൽ കനത്ത മാനസിക സംഘർഷം ഉണ്ടാക്കും. ഇന്നുള്ള റാങ്കു സമ്പ്രദായത്തിനു പകരമായി ഗ്രേഡു സമ്പ്രദായം ഏർപ്പെടുത്തുന്നതു നന്നായിരിക്കും". റാങ്ക് ഒഴിവാക്കപ്പെട്ടു. ഗ്രേഡിംഗ് നടപ്പിലാവുകയും ചെയ്തു. പക്ഷേ, കെ.എസ്.സി. ഇങ്ങനെയൊരു നിർദേശം ഒരു പതിറ്റാണ്ടു മുമ്പുതന്നെ മുന്നോട്ടുവച്ചിരുന്നു എന്ന കാര്യം ആരും ഓർമിച്ചില്ലെന്നു മാത്രം.

പരീക്ഷാപരിഷ്ക്കരണത്തെപ്പറ്റിയുള്ള നിർദേശങ്ങൾ ഇങ്ങനെയാണ്: "ഇന്നു പരീക്ഷാ സമ്പ്രദായത്തിൽ ഒരു സമഗ്രമാറ്റം അനിവാര്യമാണ്. ഒബ്ജകടീവ് രീതിയിലുള്ള പരീക്ഷാരീതിയാണ് ഈ പ്രക്രിയയെ കുറ്റമറ്റതാക്കുവാൻ അഭികാമ്യം. കമ്പ്യൂട്ടർ ഉപയോഗിച്ചു മൂല്യനിർണയം നടത്തേണ്ടതാണ്. മൂല്യനിർണയത്തിൽ സാധാരണ ഉണ്ടായിക്കൊണ്ടിരിക്കുന്ന പാകപ്പിഴകൾ ഒഴിവാക്കുവാൻ കമ്പ്യൂട്ടർ ഉപയോഗിക്കുന്നതു നന്നായിരിക്കും". കമ്പ്യൂട്ടറുകൾക്കെതിരെ സമരം ചെയ്തു ലോകത്തിന്റെ മുമ്പിൽ കേരളത്തെ നാണംകെടുത്തിയ ഇടതുപക്ഷം പാത്തുംപതുങ്ങിയും കമ്പ്യൂട്ടറുകളെ പ്രണയിച്ചു തുടങ്ങുമ്പോളാണ് കെ.എസ്.സി. ഇത്രയും വ്യക്തമായ അഭിപ്രായം അവതരിപ്പിച്ചത് എന്നോർക്കുക.

സെമസ്റ്റർ സമ്പ്രദായത്തെപ്പറ്റി ഈ സമീപനരേഖ എന്താണു പറയുന്നതെന്നു ശ്രദ്ധിക്കുക: "മറ്റൊരു മാർഗം പാഠ്യക്രമത്തിൽ സെമസ്റ്റർ സമ്പ്രദായം ആവിഷ്കരിക്കുക എന്നതാണ്. കമ്പ്യൂട്ടർ ഉപയോഗിക്കുമ്പോൾ മൂല്യനിർണയം എളുപ്പത്തിൽ സാധ്യമാകുകയും കുറ്റമറ്റതാകുകയും ചെയ്യുമെന്നതിനാൽ സ്കൂൾ തലത്തിലും സെമസ്റ്റർ സമ്പ്രദായം ആവിഷ്കരിക്കുന്നതിൽ തെറ്റില്ല. സെമസ്റ്ററൈസേഷന്റേതായ ഒരു കാലഘട്ടം നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ യാഥാർത്ഥ്യമായിക്കഴിഞ്ഞിരിക്കുകയാണ്. പത്തുവർഷം മുമ്പ് ഈ സമ്പ്രദായത്തിന്റെ പ്രയോജനത്തെയും സൗകര്യത്തെയും ശാസ്ത്രീയതയെയും പറ്റി കെ.എസ്.സി. സംസാരിച്ചു എന്നതാണു ശ്രദ്ധേയം.

വെർചൽ ക്ലാസ്സ് മുറികളെപ്പറ്റിയും, ഇൻസാറ്റ് വിക്ഷേപണത്തോടെ ഇന്ത്യ ബഹിരാകാശ ഗവേഷണരംഗത്തു നേടിയ നേട്ടങ്ങൾ വിദ്യാഭ്യാസ മേഖലയിൽ എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിനെപ്പറ്റിയും ഈ സമീപനരേഖ സംസാരിക്കുന്നുണ്ട്. നമ്മുടെ വിദ്യാഭ്യാസ ഉപഗ്രഹം 'എഡ്യൂസാറ്റ്' 2004 സെപ്റ്റംബറിലേ വിക്ഷേപിച്ചുള്ളു എന്നതും ഓർക്കുക.

### വിദ്യാഭ്യാസ പരിഷ്കരണം നയരേഖ

ജയിംസ് തെക്കനാടൻ കെ.എസ്.സി. പ്രസിഡണ്ടായിരിക്കെ തയ്യാറാക്കിയ 'വിദ്യാഭ്യാസ പരിഷ്ക്കരണ നയരേഖ' ശാസ്ത്രസാങ്കേതികരംഗത്തു തുറന്നു കിട്ടിയിരിക്കുന്ന നൂതന സാധ്യതകൾ മുഴുവൻ വിദ്യാഭ്യാസരംഗത്തു പ്രയോജനപ്പെടുന്നത്തുന്നതിനെപ്പറ്റിയാണു സംസാരിക്കുന്നത്. പ്രധാനമന്ത്രി മൻമോഹൻ സിംഗിനും, മാനവശേഷി വികസനമന്ത്രിയായിരുന്ന അർജുൻ സിംഗിനും ഈ രേഖ നേരിട്ടു സമർപ്പിക്കുകയും ചെയ്തിരുന്നു.

മൂല്യവിദ്യാഭ്യാസത്തിന് ഉചിതമായ സ്ഥാനം നല്കണം, എസ്.എസ്.എൽ.സിക്കേർപ്പെടുത്തിയ ഗ്രേഡിംഗ് സമ്പ്രദായം പ്ലസ്ടു, ഡിഗ്രി തലങ്ങളിലും ഏർപ്പെടുത്തണം, സ്കൂൾ കോളജ് പഠനസമയം രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ എന്നു പുനഃക്രമീകരിക്കണം, ഒരു ടേമിലെ പാഠഭാഗം അതതു ടേമിലെ പരീക്ഷയ്ക്കു മാത്രമായി പരിമിതപ്പെടുത്തണം, മോഡേൺ ടെക്നോളജിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ക്ലാസ്സുമുറികൾ പുനഃസംവിധാനം ചെയ്യണം, കോളജുകൾക്ക് അക്കാദമിക് സ്വയംഭരണം അനുവദിക്കണം, വെർചൽ കാമ്പസുകളും ഇ-ലേണിംഗ് സൗകര്യവും ഏർപ്പെടുത്തണം, എഡ്യൂസാറ്റിന്റെ പ്രയോജനം ഇന്ത്യയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കണം, സർവകലാശാലകളിലും കോളജുകളിലും ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റം ഏർപ്പെടുത്തണം, രണ്ടു വർഷത്തിലൊരിക്കൽ പാഠ്യപദ്ധതി നവീകരിക്കണം തുടങ്ങിയ ശുപാർശകളും നിർദേശങ്ങളും അടങ്ങുന്നതാണ് ഈ രേഖ.

കെ.എസ്.സി മുന്നോട്ടുവച്ച നിർദേശങ്ങൾ സ്വീകരിച്ചുകൊണ്ടാണ് വിദ്യാഭ്യാസരംഗത്തു പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് എന്നു വാദിക്കാനാവില്ലെങ്കിലും, ഒരു വിദ്യാർത്ഥി സംഘടനയെങ്കിലും ഇത്തരത്തിൽ ക്രിയാത്മകമായി ചിന്തിക്കുകയും പരിവർത്തനത്തിനുള്ള മാർഗദർശനം അവതരിപ്പിക്കുകയും ചെയ്തു എന്നുള്ളതു നിസ്സാരകാര്യമല്ലല്ലൊ. അതിന്റെ പേരിൽ അവരെ ആരെങ്കിലും അഭിനന്ദിക്കുകയോ, ശുപാർശകളെയും നിർദേശങ്ങളെയും കുറിച്ച് ഏതെങ്കിലും പ്രസ്ഥാനങ്ങൾ ചർച്ച ചെയ്യുകയോ ചെയ്തിട്ടുമില്ല. ഇതു നമ്മുടെ നാടിന്റെ ശാപമാണെന്നു തന്നെ പറയാം. മെറിറ്റും പ്രതിഭാശക്തിയുമൊന്നുമല്ല ശ്രദ്ധിക്കപ്പെടുന്നത്. അക്രമാസക്തമായ പ്രക്ഷോഭങ്ങളും പ്രതിഷേധപ്രകടനങ്ങളുമാണ്.

എങ്കിലും, ഇത്തരത്തിലും ഒരു വിദ്യാർത്ഥിപ്രസ്ഥാനത്തിനു പ്രവർത്തിക്കാൻ കഴിയും എന്ന് കേരള വിദ്യാർത്ഥി കോൺഗ്രസ് തെളിയിച്ചുവല്ലൊ.

*ഗ്രേഡിംഗ് സമ്പ്രദായം പ്ലസ്ടു, ഡിഗ്രി തലങ്ങളിലും ഏർപ്പെടുത്തണം, സ്കൂൾ കോളജ് പഠനസമയം രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ എന്നു പുനഃക്രമീകരിക്കണം, ഒരു ടേമിലെ പാഠഭാഗം അതതു ടേമിലെ പരീക്ഷയ്ക്കു മാത്രമായി പരിമിതപ്പെടുത്തണം, മോഡേൺ ടെക്നോളജിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ക്ലാസ്സുമുറികൾ പുനഃസംവിധാനം ചെയ്യണം, കോളജുകൾക്ക് അക്കാദമിക് സ്വയംഭരണം അനുവദിക്കണം, വെർചൽ കാമ്പസുകളും ഇ-ലേണിംഗ് സൗകര്യവും ഏർപ്പെടുത്തണം, എഡ്യൂസാറ്റിന്റെ പ്രയോജനം ഇന്ത്യയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കണം, സർവകലാശാലകളിലും കോളജുകളിലും ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റം ഏർപ്പെടുത്തണം, രണ്ടുവർഷത്തിലൊരിക്കൽ പാഠ്യപദ്ധതി നവീകരിക്കണം തുടങ്ങിയ ശുപാർശകളും നിർദേശങ്ങളും അടങ്ങുന്നതാണ് ഈ രേഖ.*

# പ്രതിച്ഛായ




**പ്രതിച്ഛായ വായനക്കാർക്ക് 2009ലെ തിരുവോണസമ്മാനം.**
**വായന ഗൗരവമായെടുക്കുന്ന സഹൃദയർക്ക്**
**വിലപ്പെട്ട സാംസ്കാരികോപഹാരം;**
**ഒപ്പം ഒരു റഫറൻസ് ഗ്രന്ഥവും**

- ✦ സി.എൽ. ജോസിന്റെ സമ്പൂർണ നാടകം
  – ***ചിറകുള്ള നക്ഷത്രം.***
- ✦ കെ. സുധാകരന്റെ പൂർണനോവൽ
  – ***ആദ്യരാത്രിക്ക് ആശംസകൾ***
- ✦ കുര്യാസിന്റെ കാവ്യനാടകം
  – ***ദഹനബലി***
- ✦ ***പല സാംസ്കാരിക നായകരും അവസരവാദികളാണ്***



*– പ്രശസ്ത സാഹിത്യ സാംസ്കാരിക വിമർശകൻ ഡോ.വി. രാജകൃഷ്ണൻ തുറന്നടിക്കുന്നു*

ഡോ. ജോഷി വർഗീസും, ഡോ. ജോജി മാടപ്പാട്ടും രാജകൃഷ്ണനുമായി നടത്തുന്ന അഭിമുഖം

- ✦ സി. രാധാകൃഷ്ണൻ, കെ.എൽ. മോഹനവർമ, ബി.ഹരികുമാർ, സെബാസ്റ്റ്യൻ പള്ളിത്തോട്, കിളിരൂർ രാധാകൃഷ്ണൻ, തേക്കിൻകാട് ജോസഫ് തുടങ്ങിയവരുടെ കഥകൾ.
- ✦ പ്രൊഫ. എം.ജി.എസ്. നാരായണൻ, പ്രൊഫ.എം.ആർ. ചന്ദ്രശേഖരൻ, വേലായുധൻ പണിക്കശ്ശേരി, ഡോ. കെ. ബാബു ജോസഫ്, പി.സി. സിറിയക്, ഡോ. ഡി. ബഞ്ചമിൻ, സിഷി പള്ളിപ്പുറം തുടങ്ങിയവരുടെ ലേഖനങ്ങൾ.
- ✦ അക്കിത്തം, സുഗതകുമാരി, ഏഴാച്ചേരി രാമചന്ദ്രൻ, ജോർജ് തോമസ്, ചേരാവള്ളി ശശി, കെ.എസ്. റെക്സ് തുടങ്ങിയവരുടെ കവിതകൾ.

## പ്രമുഖ രാഷ്ട്രീയ ചലച്ചിത്ര സാംസ്കാരികനായകരുടെ മറക്കാനാവാത്ത അനുഭവങ്ങൾ



**നന്മ പ്രകാശിക്കുന്ന വിളക്കായി കല്യാണി**
*കെ. കരുണാകരൻ*



**കലാലയവർണങ്ങൾ**
*മമ്മൂട്ടി*



**മറക്കാനാവാത്ത അനുഭവം**
*കെ. എം. മാണി*



**എന്റെ കലാലയം സുവർണകാലം**
*ഉമ്മൻ ചാണ്ടി*



**എന്റെ ക്യാൻമേരി യാത്ര**
*ലാലു അലക്സ്*



**സർ സിപിയും ഞാനും പിന്നെ മണിസ്വാമിയും**
*ജസ്റ്റിസ് കെ.ടി. തോമസ്*



**കോർട്ട് ഹാളിൽ മുനിസിഫിനെ ചിരിപ്പിച്ച ജൂനിയർ അഭിഭാഷകൻ**
*പി.കെ. നാരായണപണിക്കർ*



**സുന്ദരിയായ മാർഗരറ്റ് താച്ചർ**
*കെ.എം. മാത്യു*



**കേരളാ കോൺഗ്രസ് രൂപീകരണം ഒരോർമ**
*ആർ. ബാലകൃഷ്ണപിള്ള*



**തന്നെ ചമ്മിച്ച എ.കെ**
*കെ.വി. തോമസ്*



**എം.ജി. ആറും ഞാനും**
*അൽഫോൻസ് കണ്ണന്താനം*

*ഓർഗനൈസർമാർ വഴിയും നേരിട്ടും കോപ്പി മുൻകൂർ ബുക്കു ചെയ്യാവുന്നതാണ്. തപാലിൽ വേണ്ടവർ 60 രൂപ അയയ്ക്കുക.*

*ഫിനാൻസ് മാനേജർ*
*പ്രതിച്ഛായ, പാലസ് റോഡ്*
*കോട്ടയം – 1*

✦ **ന്യൂസ് ഡയറി**

2008 ജൂലൈ ഒന്നു മുതൽ 2009 ജൂൺ മുപ്പതുവരെയുള്ള പ്രധാനസംഭവങ്ങൾ. കേരളം, ദേശീയം, വിദേശം എന്നീ മൂന്നു വിഭാഗങ്ങളിൽ

- ✦ പതിനഞ്ചാം ലോകസഭാതെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ
- ✦ ഡിമൈ 1/4 വലുപ്പം. മുന്നൂറോളം പേജ്.
- ✦ വില 50 രൂപ മാത്രം.
- ✦ 2009 ആഗസ്റ്റ് 15നു പ്രസിദ്ധീകരിക്കുന്നു.




## പ്രതിച്ഛായ പ്രചാരണ പര്യടനം

പ്രതിച്ഛായയുടെ ഓണപ്പതിപ്പിലേക്കു മണ്ഡലം കമ്മിറ്റികൾ നല്കേണ്ട 10,000 രൂപയുടെ പരസ്യത്തിന്റെയും മറ്റു ഭാരവാഹികൾ ശേഖരിച്ച പരസ്യങ്ങളുടെയും ഓർഡർ ഫോമും മാറ്ററും ശേഖരിക്കുന്നതിനും വരിസംഖ്യ സ്വീകരിക്കുന്നതിനും പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് താഴെ പറയുന്ന തീയതികളിൽ അതതു ജില്ലകളിൽ ചേരുന്ന ജില്ലാകമ്മിറ്റികളിൽ സംബന്ധിക്കുന്നതാണ്.

| | | |
|---|---|---|
| 18-07-09 | ശനി | ആലപ്പുഴ |
| 19-07-09 | ഞായർ | മലപ്പുറം |
| 21-07-09 | ചൊവ്വ | കോട്ടയം |
| 23-07-09 | വ്യാഴം | എറണാകുളം |
| 24-07-09 | വെള്ളി | ഇടുക്കി |
| 25-07-09 | ശനി | കൊല്ലം |
| 26-07-09 | ഞായർ | പത്തനംതിട്ട |
| 27-07-09 | തിങ്കൾ | കോഴിക്കോട് |
| 28-07-09 | ചൊവ്വ | വയനാട് |
| 29-07-09 | ബുധൻ | കണ്ണൂർ |
| 30-07-09 | വ്യാഴം | കാസർകോട് |
| 31-07-09 | വെള്ളി | തിരുവനന്തപുരം |
| 1-08-09 | ശനി | പാലക്കാട് |
| 2-08-09 | ഞായർ | തൃശ്ശൂർ |

CYAN MAGENTA YELLOW BLACK



അവലോകനം

ബോബി കെ. മാത്യു

# പ്രവാസികളുടെ അഗ്നിപരീക്ഷണങ്ങൾ

**ഓസ്ട്രേലിയയ്ക്ക് വിദേശപണം ലഭിക്കുന്ന മുഖ്യസ്രോതസ്സ് വിദേശവിദ്യാർത്ഥികളാണ്. ഓസ്ട്രേലിയൻ ഗവൺമെണ്ട് ഔദ്യോഗികമായി പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് 2008–ൽ മാത്രം 15.5 ബില്യൺ ഡോളറാണ് വിദേശത്തു നിന്ന് പഠിക്കാൻ വിവിധരാജ്യങ്ങളിൽ നിന്നെത്തിയവർ ഓസ്ട്രേലിയയ്ക്ക് നേടിക്കൊടുത്തത്. ഈ വിദ്യാർത്ഥികളാണ് രാജ്യത്തെ പ്രധാന കയറ്റുമതിയിനമായ ഇരുമ്പയിരും കോളും കഴിഞ്ഞാൽ ഏറ്റവുമധികം വിദേശനാണ്യം നാടിന് നേടിക്കൊടുത്തത്.**



പ്രവാസി ജീവിതത്തെക്കുറിച്ച് സമൂലമായ വിധത്തിൽ ചിത്രീകരിക്കുന്ന ആദ്യമലയാള നോവലാണ് എം.മുകുന്ദന്റെ 'പ്രവാസം'. 2008ൽ ഈ നോവൽ പ്രസിദ്ധീകരിക്കപ്പെടുമ്പോൾ ലോകത്തിലെ എല്ലാ രാജ്യത്തിലും പ്രവാസി ഇന്ത്യക്കാർ ഒരു ശക്തിയായി മാറിക്കൊണ്ടിരിക്കുകയായിരുന്നു. സയന്റിസ്റ്റുകൾ, എഴുത്തുകാർ, വ്യാപാരികൾ, വ്യവസായികൾ, രാഷ്ട്രീയ നേതാക്കൾ, എന്നിങ്ങനെ വിവിധതരത്തിലുള്ള കർമഭൂമികളിലാണ് ഇന്ത്യക്കാർ വ്യാപരിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ആസ്ട്രേലിയയിലെ മെൽബണിൽ ഇന്ത്യക്കാർക്ക് നേരേയുണ്ടാകുന്ന ഭീകരമായ ആക്രമണം ഇന്ത്യൻ ജനത വിശേഷിച്ച് കേരളസമൂഹം ഭയാശങ്കകളോടെയാണ് വീക്ഷിക്കുന്നത്. വിദേശരാജ്യങ്ങളിലെ പ്രശ്നങ്ങളിൽ ജീവനെപ്പോലും അവഗണിച്ചുകൊണ്ട് ഇടപെടുന്നതിന് മലയാളി പ്രവാസികൾ മടികാണിച്ചിട്ടില്ല. മുകുന്ദന്റെ 'പ്രവാസം' എന്ന നോവലിൽ രണ്ടാം ലോകമഹായുദ്ധക്കാലത്ത് ഫ്രാൻസിൽ പഠിക്കാനായി പോയി ജർമൻകാർക്കെതിരായി പോരാടി നാസി പട്ടാളം വെടിവച്ചുകൊന്ന മിച്ചിലേട്ട് മാധവൻ എന്ന യുവരക്തസാക്ഷി മികച്ച കഥാപാത്രമാണ്. ഇങ്ങനെയുള്ള രക്തസാക്ഷികൾ മെൽബണിൽ ഉണ്ടാകാതിരിക്കാൻ കേന്ദ്രഗവൺമെണ്ടിന്റെ ജാഗ്രത അനിവാര്യമാണ്.

ഓസ്ട്രേലിയയിലെ വർണവിവേചനമാണ് ഇന്ത്യൻ വിദ്യാർത്ഥികൾക്ക് നേരെയുള്ള ആക്രമണത്തിന് കാരണമായി. 'ഏജ്' എന്ന പത്രം റിപ്പോർട്ട് ചെയ്തത് 2008ൽ ആസ്ട്രേലിയയിൽ 54 വിദ്യാർത്ഥികൾ ദുരൂഹത നിറഞ്ഞ അന്തരീക്ഷത്തിൽ മരിച്ചു. ഇതിൽ പകുതിയും ഇന്ത്യക്കാരാണ്. ഈ വർണവിവേചനത്തിനെതിരെയാണ്




ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ പോരാട്ടം തുടങ്ങിയത്. ഓസ്ട്രേലിയയിൽ വംശീയവിദ്വേഷം നിലനില്ക്കുന്നുവെന്ന് വംശീയപ്രശ്നങ്ങളെ സംബന്ധിച്ച കമ്മീഷണർ ടോം കാമ സമ്മതിച്ചിരിക്കുന്നു.

1970ൽ ഓസ്ട്രേലിയയിൽ പോളിൻ ഹൻസാണ് വംശീയ ചുവയുള്ള പരാമർശങ്ങൾ നടത്തി ഇത്തരമൊരു പ്രശ്നത്തെ ആ രാജ്യത്ത് സജീവമാക്കിയത്. അതിനെതിരെ ഏഷ്യൻ വംശജരുടെ പ്രതിഷേധം രൂക്ഷമായപ്പോൾ ഓസ്ട്രേലിയൻ ഗവൺമെണ്ടിന് നടപടികൾ എടുക്കേണ്ടി വന്നു. ഓസ്ട്രേലിയയിലെ മെൽബൺ എല്ലാക്കാലത്തും അറിയപ്പെട്ടിരുന്നത് തന്നെ 'മൾട്ടി കൾച്ചറൽ കാപ്പിറ്റൽ' എന്ന വിശേഷണത്തോടെയാണ്. അവിടെയാണ് വംശീയതയുടെ പേരിൽ ഒരുമാസത്തിനുള്ളിൽ 13 ഇന്ത്യൻ വിദ്യാർത്ഥികൾ ആക്രമിക്കപ്പെട്ടത്. ഇങ്ങനെയുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടുകയില്ലെന്ന് ഇന്ത്യൻ പ്രധാനമന്ത്രി മൻമോഹൻസിംഗിന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി കെവിൻ റൂഡ് ഉറപ്പുകൊടുത്തിട്ടും പിന്നെയും ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായി. ഇത് ഓസ്ട്രേലിയയുടെ വിദ്യാഭ്യാസ മാർക്കറ്റിനെയും മറ്റ് വാണിജ്യമേഖലയെയും നേരിട്ട് ബാധിച്ചുവെന്ന് ടോം കാമയ്ക്ക് സമ്മതിക്കേണ്ടി വന്നിരിക്കുന്നു. നാലു ലക്ഷത്തി പതിനയ്യായിരം വിദേശ വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. ഇതിൽ അഞ്ചിലൊന്നും ഇന്ത്യൻ വിദ്യാർത്ഥികളാണ്. ഇതിൽ തന്നെ പകുതിയിലേറെ കുട്ടികളും പഠനം നടത്തുന്നത് മെൽബൺ കേന്ദ്രമായ വിക്ടോറിയ സ്റ്റേറ്റിലാണ്. ഇവിടെയാണ് അക്രമങ്ങൾ അരങ്ങേറുന്നത്. ഓസ്ട്രേലിയയ്ക്ക് വിദേശപണം ലഭിക്കുന്ന മുഖ്യസ്രോതസ്സ് വിദേശവിദ്യാർത്ഥികളാണ്. ഓസ്ട്രേലിയൻ ഗവൺമെണ്ട് ഔദ്യോഗികമായി പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് 2008–ൽ മാത്രം 15.5 ബില്യൺ ഡോളറാണ് വിദേശത്തു നിന്ന് പഠിക്കാൻ വിവിധ രാജ്യങ്ങളിൽ നിന്നെത്തിയവർ ഓസ്ട്രേലിയയ്ക്ക് നേടിക്കൊടുത്തത്. ഈ വിദ്യാർത്ഥികളാണ് രാജ്യത്തെ പ്രധാന കയറ്റുമതിയിനമായ ഇരുമ്പയിരും കോളും കഴിഞ്ഞാൽ ഏറ്റവുമധികം വിദേശനാണ്യം നാടിന് നേടിക്കൊടുത്തത്.

കേന്ദ്ര വിദേശകാര്യമന്ത്രി ശശിതരൂർ ഇക്കാര്യങ്ങൾ വിലയിരുത്തി സംസാരിച്ചത് ഇന്ത്യയിലെ വിദ്യാഭ്യാസപരമായ സൗകര്യങ്ങൾ വർധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ ഇത് വെളിവാക്കുന്നുണ്ടെന്നാണ്. മറ്റൊന്നുകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. കേവലം വിദ്യാഭ്യാസം മാത്രമല്ല തൊഴിൽ നേടാനുള്ള ശ്രമവും ഇതിന്റെ പിന്നിലുണ്ട്. ഇതിനെ ഇന്ത്യാ ഗവൺമെണ്ട് അതിന്റേതായ ഗൗരവത്തിൽ വിലയിരുത്തണം. യൂറോപ്യൻ രാജ്യങ്ങളിൽ വിദ്യാഭ്യാസം നേടുന്നതിനൊപ്പം തന്നെ തൊഴിൽ ചെയ്ത് പണം സമ്പാദിക്കാൻ കഴിയുമെന്നതിനാലാണ് വിദ്യാർത്ഥികൾ ഈ രാജ്യങ്ങളിലേക്ക് നീങ്ങുന്നത്.

മാതൃരാജ്യം വിട്ട് മറ്റൊരു രാജ്യത്തിലേക്ക് കുടിയേറിപ്പാർക്കുന്നവർക്ക് ഇന്ത്യാ ഗവൺമെണ്ട് ഔദ്യോഗിക അംഗീകാരം നല്കിയിരിക്കുന്നു. പ്രാവാസി ഭാരതീയർ അഥവാ എൻ.ആർ.ഐ. (നോൺ റസിഡണ്ട് ഇന്ത്യൻ) എന്ന പേര് നല്കി അവരെ മാറ്റുന്നു. ഇന്ത്യാ ഗവൺമെണ്ട് പലതരം ആനുകൂല്യങ്ങൾ അവർക്കായി നല്കിയിരിക്കുന്നു. ബാങ്കുകളിലെ അവരുടെ നിക്ഷേപത്തിന് പ്രത്യേക പലിശ, വിവിധതരത്തിലുള്ള ഭവനനിർമാണ പദ്ധതികൾ, ഹോളിവുഡ് ചിത്രങ്ങൾ ഇറക്കുമതി ചെയ്യാനുള്ള അനുമതി എന്നിവ പ്രത്യേകം ശ്രദ്ധേയം. 1970കളിൽ പ്രവാസികളുടെ നിരക്ക് കൂടുമ്പോൾ ഇന്ദിരാഗാന്ധി പ്രത്യേകം അവരെ ഓർമിപ്പിച്ചു. മാതൃരാജ്യത്തോടെന്നപോലെ നിങ്ങൾ ജോലി ചെയ്യുന്ന രാജ്യത്തോടും കൂറുണ്ടായിരിക്കണം. നമ്മുടെ രാജ്യക്കാർ ഇക്കാര്യത്തിൽ അവരുടെ കഴിവുപോലെ തങ്ങൾ ജോലി ചെയ്യുന്ന രാജ്യത്തിന്റെ വികസനത്തിനു വേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. ഇതിനാലാണ് എല്ലാ വിദേശരാജ്യങ്ങളും ഇന്ത്യൻ വംശജരോട് നീതിയോടെ പെരുമാറുന്നത്.

പ്രവാസി ഇന്ത്യക്കാരെ സംബന്ധിച്ച് വിശ്വസനീയമായവിധത്തിൽ കണക്കുകൾ ലഭ്യമല്ലായെന്നത് പോരായ്മയാണ്. ഇതിനൊരു ശാശ്വതപരിഹാരം കാണുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് പ്രവാസി കാര്യത്തിനു മാത്രമായി ഒരു വകുപ്പുണ്ടാക്കാൻ കോൺഗ്രസ് സർക്കാർ തീരുമാനിച്ചതും മന്ത്രിയായി വയലാർ രവിയെ നിയോഗിച്ചതും. കഴിഞ്ഞ നാളുകളിൽ വയലാർ രവിയുടെ പ്രവർത്തനം ശ്ലാഘനീയമായിരുന്നുവെന്ന് പ്രധാനമന്ത്രി മൻമോഹൻസിംഗ് തന്നെ പ്രവാസി ഭാരതീയ സമ്മേളനത്തിൽ അഭിപ്രായപ്പെട്ടത് കേരളത്തിനു കൂടി കിട്ടിയ അംഗീകാരമാണ്. പുതിയ ഗവൺമെണ്ടിലും രവിയെ തന്നെ ഈ വകുപ്പിന്റെ ദൗത്യം ഏല്പിക്കാനും പ്രധാനമന്ത്രി ശ്രദ്ധിച്ചു.

യുഎന്നിൽദീർഘകാലം ജോലി ചെയ്ത വിദേശകാര്യ സഹമന്ത്രി ശശിതരൂർ ഒരിക്കലെഴുതി "വിദേശ ഇന്ത്യക്കാർ തങ്ങളുടെ മാത്രം പ്രത്യേകതകളായ കഠിനാധ്വാനം, അച്ചടക്കം, ആത്മസമർപ്പണം, മിതവ്യയം എന്നി സ്വാഭാവവിശേഷങ്ങൾ കാരണം അവരവരുടെ പ്രവർത്തനമേഖലകളിൽ വിജയം വരിച്ചുകൊണ്ടിരിക്കുന്നു. അമേരിക്കയിൽ നഷ്ടത്തിലോടുന്ന ഹോട്ടലുകൾ ഏറ്റെടുക്കാനും, ന്യൂയോർക്ക് നഗരത്തിലെ ന്യൂസ് സ്റ്റാൻഡുകൾ, ലണ്ടനിൽ രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന പലവ്യഞ്ജനക്കടകൾ തുടങ്ങിയവ ഭംഗിയായി നടത്തിക്കൊണ്ടുപോകാനും ഇന്ത്യക്കാർ കാണിക്കുന്ന സാമർത്ഥ്യം ഇതിനുദാഹരണമാണ്". രാജ്യത്തിന്റെ വികാസത്തിന് തനതായ സംഭാവനകൾ നല്കാനും വിദേശ നാണ്യശേഖരം മെച്ചപ്പെടുത്താനും പ്രവാസി ഭാരതീയർക്ക് കഴിയുന്നുണ്ടെങ്കിലും ഇന്ത്യൻ പൗരന്മാരായ ഇവർക്ക് വോട്ടവകാശം നല്കുന്ന കാര്യത്തിൽ ഗവൺമെണ്ട് താരുമാനമെടുത്തിട്ടില്ല. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യ വിദേശത്തെ ഇന്ത്യക്കാർക്ക് വോട്ടവകാശം കൊടുക്കാൻ ഉടനടി നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിനായി വയലാർ രവി മുൻകൈയെടുക്കുമെന്ന് പ്രത്യാശിക്കാം.

യുഎന്നിൽദീർഘകാലം ജോലി ചെയ്ത വിദേശകാര്യ സഹമന്ത്രി ശശിതരൂർ ഒരിക്കലെഴുതി "വിദേശ ഇന്ത്യക്കാർ തങ്ങളുടെ മാത്രം പ്രത്യേകതകളായ കഠിനാധ്വാനം, അച്ചടക്കം, ആത്മസമർപ്പണം, മിതവ്യയം എന്നി സ്വാഭാവവിശേഷങ്ങൾ കാരണം അവരവരുടെ പ്രവർത്തനമേഖലകളിൽ വിജയം വരിച്ചുകൊണ്ടിരിക്കുന്നു. അമേരിക്കയിൽ നഷ്ടത്തിലോടുന്ന ഹോട്ടലുകൾ ഏറ്റെടുക്കാനും, ന്യൂയോർക്ക് നഗരത്തിലെ ന്യൂസ് സ്റ്റാൻഡുകൾ, ലണ്ടനിൽ രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന പലവ്യഞ്ജനക്കടകൾ തുടങ്ങിയവ ഭംഗിയായി നടത്തിക്കൊണ്ടുപോകാനും ഇന്ത്യക്കാർ കാണിക്കുന്ന സാമർത്ഥ്യം ഇതിനുദാഹരണമാണ്".

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



കാഴ്ചവട്ടം

പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

# ഈ അച്ഛൻ നിങ്ങളുടേതല്ല !

അമ്മ ചൂണ്ടിക്കാട്ടുന്നതാണ് അച്ഛൻ! ഈ അച്ഛൻ നിന്റേതല്ലെന്ന് ഒരമ്മ പരസ്യമായി മകനോടു പറഞ്ഞാൽപിന്നെ ഒരു കോടതിയിലും പോയിട്ടു കാര്യമില്ല. അത് അമ്മയുടെ, സ്ത്രീയുടെ ജന്മാവകാശമാണ്. ഭർത്താവിൽ നിന്നു മാത്രമേ കുട്ടികളുണ്ടാവുകയുള്ളുവെന്ന് നിയമമൊന്നുമില്ലല്ലോ? പക്ഷേ, ചില അമ്മമാർ തരം പോലെ അച്ഛന്മാരെ മാറ്റിമറിച്ചുകൊണ്ടിരിക്കും! ചിലർ ഭർത്താക്കന്മാരെ കുരങ്ങു കളിപ്പിക്കും. കുഞ്ഞിരാമന്മാരായി ചാടിക്കളിപ്പിക്കും. സ്ത്രീയുടെ മനസ്സറിയാൻ ഒരു നാർകോ പരിശോധനയ്ക്കും കഴിയില്ലെന്ന് ഒരല്മേനിയെന്ന നിലയിൽ പറയട്ടെ; വൈദ്യശാസ്ത്രം എന്തു പറഞ്ഞാലും!

കാല്നൂറ്റാണ്ടുകാലമായി വിവാദങ്ങളിലൂടെ മാത്രം മുന്നേറിയ കലാകാരനായിരുന്നു മൈക്കിൾ ജാക്സൻ. വിവാദങ്ങളിലൂടെ ശ്രദ്ധേയനായി, വിവാദങ്ങളിലൂടെ വളർന്നു, വിവാദങ്ങളിലൂടെ തന്നെ അന്ത്യം കണ്ട ജാക്സൻ. ഒരു പക്ഷേ വിവാദങ്ങളുടെ തീക്കുണ്ഡമായി ജാക്സനെ വിശേഷിപ്പിക്കാം. വിവാദങ്ങളുടെ പിതാവെന്നു വിശേഷിപ്പിക്കാനാണ് ആദ്യം ശ്രമിച്ചത്. പക്ഷേ, വിവാദങ്ങളുടെ തീക്കുണ്ഡമെന്നു പറയുന്നതാകും കൂടുതൽ ഉചിതമെന്നു പിന്നീടു തോന്നി.

കറുത്തവനായി ജനിച്ചു, വെളുത്തവനായി മാറാൻ ജാക്സൻ ശ്രമിച്ചു. സ്വന്തം ശരീരത്തിന്റെ നിറം മാറ്റാനായി, തൊലിമാന്തി പറിച്ചുകളഞ്ഞ മറ്റൊരാളെ ചരിത്രം വേറെ കണ്ടതായി കേട്ടിട്ടില്ല. തൊലിശസ്ത്രക്രിയ ചെയ്താണ് ഇന്നത്തെ "വെള്ളനിറ"മാക്കിയത്. വെള്ളക്കാരന്റെ വെള്ളനിറത്തിനായുള്ള ഈ പമ്പരവിഡ്ഢിത്തം ജാക്സനെ രോഗങ്ങളുടെ കൂട്ടുകാരനാക്കി. നിറം മാത്രമല്ല രൂപം പോലും മാറ്റിമറിച്ചു. അനേകം പ്ലാസ്റ്റിക് സർജറികളിലൂടെ വസ്ത്രധാരണത്തിൽപോലും സഹജമായ വൈകൃതം കാണാമായിരുന്നു. എല്ലാവരും ജട്ടി പാന്റ്സിനുള്ളിൽ ധരിക്കുമ്പോൾ ജാക്സനാകട്ടെ, അതു പാന്റ്സിനു പുറത്താണ് ധരിച്ചിരുന്നത്!

മരുന്നുകളുടെയും മയക്കുമരുന്നുകളുടെയും അടിമയായിരുന്നു. വേദന സംഹാരികളുടെ കലവറയായിരുന്നു ജാക്സന്റെ ആമാശയം. ഇതെല്ലാം സ്വയം വരുത്തിവച്ചതും. സ്വയം കൃതാനർത്ഥം. പ്രതിമാസം 20 ലക്ഷം രൂപയുടെ മരുന്നുകൾ!

അനുഗൃഹീതനായ ഒരു കലാകാരന്റെ പതനം. നേരെ ചൊവ്വെ ജീവിച്ചിരുന്നെങ്കിൽ ജാക്സൻ ഇന്നും ലോകജനതയെ തന്റെ ചടുലസംഗീത താണ്ഡവത്തിൽ വിസ്മയിപ്പിച്ചുകൊണ്ടു ജൈത്രയാത്ര തുടരുമായിരുന്നു. ഇത്രയൊക്കെയായിട്ടും ആരാധകരുടെ കാര്യത്തിൽ ജാക്സൻ ലോകറിക്കാർഡുകാരനാണ്. അടുത്തെങ്ങും മറ്റൊരാൾക്കും ഈ റിക്കാർഡു തകർക്കാനാവുമെന്നു തോന്നുന്നില്ല.

ജാക്സന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഭീകരമായിരുന്നു. ശോഷിച്ച് എല്ലും തൊലിയുമായി മാറിയ ശരീരം. ഉദരത്തിൽ ഗുളികകൾ മാത്രം. ഭക്ഷണം കഴിച്ചതിന്റെ ലക്ഷണമേയില്ല. ശരീരം മുഴുവൻ കുത്തിവച്ചതിന്റെ പാടുകൾ. വർഷങ്ങളായി വേദന സംഹാരികൾ ദിവസം മൂന്നും നാലും തവണ കുത്തിവച്ചുകൊണ്ടിരുന്നു. ഇതിന്റെ പാടുകൾ വ്രണങ്ങളായി മാറിയിരുന്നു. ഒരു ഡസനിലേറെ തവണ സൗന്ദര്യ വർധക ശസ്ത്രക്രിയകൾ നടത്തിയതിന്റെ വടുക്കൾ ശരീരമാസകലം. കോടിക്കണക്കിനാളുകളെ കോരിത്തരിപ്പിച്ചിരുന്ന ജാക്സന്റെ പ്രേതസമാനമായ ശരീരമാണ് പോസ്റ്റ്മോർട്ടത്തിനു വിധേയമായത്. തലയിൽ ഒറ്റ മുടിയുണ്ടായിരുന്നില്ല. എല്ലാം എന്നേ കൊഴിഞ്ഞുപോയിരുന്നു. വിഗ്‌വച്ച് ഇതെല്ലാം മറയ്ക്കപ്പെട്ടിരുന്നു.



മണിക്കൂറുകൾ നീളുന്ന റിഹേഴ്സൽ ക്യാമ്പുകളിലും അതിലേറെ ചടുലമായി തുള്ളിച്ചാടി പാട്ടുപാടുന്ന സ്റ്റേജുകളിലും ആ കറുത്ത മുത്തിന് ആദ്യകാലത്തൊന്നും ഒരു തളർച്ചയുമുണ്ടായിരുന്നില്ല. കറുത്ത വർഗക്കാരനായതിന്റെ പേരിൽ ആരാധകരുടെ എണ്ണം കുറയുകയല്ല, കൂടുകയായിരുന്നു. സ്വന്തം രൂപത്തിൽ ജനകോടികളെ തന്നിലേക്കാകർഷിക്കാൻ ഒരു വിഷമവുമുണ്ടായിരുന്നില്ല. പണവും ഖ്യാതിയും ആരാധനയും കുന്നുകൂടിയതോടെ വെള്ളക്കാരനാകാനുള്ള അത്യാഗ്രഹമാണ് ജാക്സനെ 'പ്രായം വല്ലാത്ത പ്രായത്തിൽ' അന്ത്യനിദ്രയിലേക്ക് തള്ളിവിട്ടതും.

മരിച്ചിട്ടും വിവാദങ്ങൾ അടങ്ങുന്നില്ല. മരണത്തിൽപോലും ദുരൂഹത. ആത്മഹത്യയാണോ കൊലപാതകമാണോ സാധാരണമരണമാണോ എന്നൊന്നും ഇന്നുവരെ തീർത്തു പറയാറായിട്ടില്ല. ജീവിച്ചിരുന്നപ്പോഴും ആ ശരീരം നിരവധി ശസ്ത്രക്രിയകൾക്ക് വിധേയമായി. രോഗം മൂലമല്ല, ജാക്സന്റെ മനസ്സിന്റെ രോഗം മൂലം! മൃതദേഹത്തിലും ശസ്ത്രക്രിയകൾ തുടരുകയായിരുന്നു, പോസ്റ്റ്മോർട്ടത്തിന്റെ രൂപത്തിൽ. മരണകാരണം കണ്ടുപിടിക്കാൻ!

കോടിക്കണക്കിനു രൂപ ജാക്സൻ വാരിക്കൂട്ടിയിരുന്നു. പോപ്പ് സംഗീതത്തിൽ ജാക്സനെ വെല്ലാൻ മറ്റൊരാൾ ഇന്നേവരെ ജനിച്ചിട്ടില്ല. വെറും സംഗീതമല്ല. ഇടിവെട്ടുപോലുള്ള അടിപൊളി നൃത്തച്ചുവടുകൾ. രംഗാവിഷ്കരണത്തിൽ വിസ്മയവിപ്ലവം. 'ത്രില്ലർ' എന്ന ആൽബത്തിന്റെ 600 കോടി കാസറ്റുകളാണ് വിറ്റഴിച്ചതെന്നോർക്കുക. അപ്പോൾ സമ്പാദ്യം എത്രയോ ആയിരം കോടികൾ. പക്ഷേ, മരിച്ചപ്പോൾ കടത്തിന്റെ സർവലോക ചക്രവർത്തി! 25000 കോടി ഡോളറിന്റെ കടബാധ്യത! ഒരു വ്യക്തിക്ക് ഇങ്ങനെ കടം വരുത്താൻ കഴിയുമോ? ജാക്സനു മാത്രമേ അതു കഴിയുകയുള്ളു.

ചെലവിന്റെ തോതങ്ങനെയായിരുന്നു. ഭാര്യയുമായി പിണങ്ങിയപ്പോൾ തന്റെ രണ്ടു കുട്ടികളുടെ വളർത്തവകാശത്തിനു വേണ്ടി അവൾക്കു കൊടുക്കേണ്ടിവന്നത് 90 ലക്ഷം ഡോളറായിരുന്നുവെന്നോർക്കുക. ഇത്രയും ഭാരിച്ച തുക ചെലവഴിച്ചു നേടിയെടുത്ത മക്കൾ തന്റേതല്ലെന്നു വന്നാൽ! ജാക്സന്റെ ചോരയിൽ കുരുത്തവരല്ലെന്നു കേട്ടാൽ ആ വിക്രമി തലതല്ലിച്ചാകുമായിരുന്നു! ഭാഗ്യത്തിന് മരണം ജാക്സനെ കൊത്തിവലിച്ചതിനു ശേഷമാണ് കുട്ടികളുടെ അമ്മ പ്രഖ്യാപിച്ചത് - ഈ അച്ഛൻ നിങ്ങളുടേതല്ല!

**കോടിക്കണക്കിനു രൂപ ജാക്സൻ വാരിക്കൂട്ടിയിരുന്നു. പോപ്പ് സംഗീതത്തിൽ ജാക്സനെ വെല്ലാൻ മറ്റൊരാൾ ഇന്നേവരെ ജനിച്ചിട്ടില്ല. സമ്പാദ്യം എത്രയോ ആയിരം കോടികൾ. പക്ഷേ, മരിച്ചപ്പോൾ കടത്തിന്റെ സർവലോക ചക്രവർത്തി!**

ഈ കുറിമാനം തുടങ്ങിയപ്പോൾ സൂചിപ്പിച്ചതുപോലെ, അമ്മ ചൂണ്ടിക്കാണിക്കുന്നതാണ് അച്ഛൻ. വർഷങ്ങൾക്കു മുമ്പ്, 1996ൽ ഡെബ്ളി റോവു എന്ന യുവതി ജാക്സനെതിരെ ഒരു ലൈംഗിക ബോംബ് പൊട്ടിച്ചു. ജാക്സന്റെ ബീജം തന്റെ ഉദരത്തിൽ മുളയ്ക്കുന്നു! ജാക്സനാണ് കഥാനായകനെന്നതിൽ ലോകജനതയുടെ ഞെട്ടൽ അത്ര ഭീകരമായിരുന്നില്ല. ജാക്സനല്ലേ പുള്ളി! ഇതും ഇതിനപ്പുറവും നടക്കും! കാരണം, ജാക്സൻ അതിനു മുമ്പേ തന്നെ വിവാദങ്ങളുടെ നായകനായി കഴിഞ്ഞിരുന്നു. എന്തായാലും 1996 നവംബറിൽ സിഡ്നിയിലെ ഷെറാട്ടൺ ഹോട്ടലിൽ റോവിന്റെയും ജാക്സന്റെയും വിവാഹം നടന്നു. ഗർഭിണിയായ റോവിനെ ജാക്സൻ മിന്നുകെട്ടി.

>> 8

## അറിയേണ്ടും കാര്യങ്ങൾ

### ക്രൊയേഷ്യക്ക് ആദ്യ വനിതാ പ്രധാനമന്ത്രി



*ജദ്രാൻകാ കൊസോറ*

തെക്കുകിഴക്കൻ യൂറോപ്യൻ രാഷ്ട്രമായ ക്രൊയേഷ്യയിൽ ആദ്യ വനിതാ പ്രധാനമന്ത്രി ചുമതലയേറ്റു. നിലവിലെ ഭരണകക്ഷിയായ ക്രൊയേഷ്യൻ ഡെമോക്രാറ്റിക് യൂണിയന്റെ പ്രതിനിധിയായ ജദ്രാൻ കാ കൊസോറയാണ്, ഇവോ സനാദെർ രാജിവച്ച ഒഴിവിൽ പ്രധാനമന്ത്രിപദം ഏറ്റെടുത്തത്.

തക്കതായ യാതൊരു കാരണവും ചൂണ്ടിക്കാട്ടാതെ പ്രധാനമന്ത്രിപദം രാജിവച്ച ഇവോ സനാദെർ രാഷ്ട്രീയത്തിൽ നിന്നുള്ള തന്റെ വിടവാങ്ങലും പ്രഖ്യാപിച്ചു. 2003 മുതൽ അമ്പത്തിയാറുകാരിയായ ജെദ്രാൻകാ കൊസോറോ ഡെപ്യൂട്ടി പ്രധാനമന്ത്രിയായിരുന്നു.

പത്രപ്രവർത്തനമേഖലയിൽ നിന്നും രാഷ്ട്രീയത്തിലേക്ക് വന്ന കൊസോറോ, തന്റെ ആദ്യദൗത്യമെന്നത് ആഗോള സാമ്പത്തിക പ്രതിസന്ധിയിൽപെട്ട് നട്ടംതിരിയുന്ന രാജ്യത്തെ കരകയറ്റുക എന്നതാണെന്ന് വ്യക്തമാക്കിക്കഴിഞ്ഞു. ഈ മാസം തന്നെയാണ് ബഡ്ജറ്റ് അവതരിപ്പിക്കേണ്ടതും. അത് ജനോപകാരപ്രദമാക്കി തീർക്കുക എന്നതും കൊസോറോയുടെ മുന്നിലുള്ള ദുർഘടമായ ലക്ഷ്യമാണ്.

*** *** ***

### സ്റ്റാച്യു ഓഫ് ലിബർട്ടിയിൽ വീണ്ടും സ്വാതന്ത്ര്യം!



അമേരിക്കൻ നഗരമായ ന്യൂയോർക്കിലെ ലോക പ്രസിദ്ധ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായ സ്റ്റാച്യു ഓഫ് ലിബർട്ടിയിൽ സഞ്ചാരികൾക്ക് വീണ്ടും പ്രവേശനം അനുവദിച്ചു. 2001 സെപ്റ്റംബർ 11ലെ തീവ്രവാദ ആക്രമണത്തിനുശേഷം സഞ്ചാരികൾക്ക് പൂർണമായും വിലക്കേർപ്പെടുത്തിയിരുന്നു. എന്നാൽ നിയന്ത്രണങ്ങളോടെയാണ് പ്രവേശനം അനുവദിച്ചിരിക്കുന്നത്.

ഒരേസമയം പത്തുപേരിലധികം ആളുകളെ കടത്തിവിടുന്നില്ല. അതിനാൽ ഒരു ദിവസം പരമാവധി 240 സന്ദർശകർക്ക് മാത്രമേ പ്രവേശനം ലഭിക്കുന്നുള്ളു. അതുതന്നെ മുൻകൂട്ടി ബുക്കുചെയ്തവർക്കു മാത്രം. സ്റ്റാച്യൂ ഓഫ് ലിബർട്ടിയുടെ കിരീടഭാഗത്തുവരെ എത്താൻ 354 പടികളാണുള്ളത്.

CYAN MAGENTA YELLOW BLACK